ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

വയനാട്

ട്രൈബൽ ദുരന്ത നിവാരണ പദ്ധതി

"ദുരന്ത സാധ്യതാ മേഖലയിലുള്ള
ആദിവാസി കോളനികൾക്ക് വേണ്ടിയുള്ള
പങ്കാളിത്താധിഷ്ഠിത സാമൂഹിക
ദുരന്തലഘൂകരണ പദ്ധാതി"

ആമുഖം

സംസ്ഥാനത്തെ ഏറ്റവും ദുരന്ത സാധ്യത കൂടിയ ജില്ലകളിലൊന്നാണ് വയനാട്. ജില്ലയുടെ പ്രത്യേക ഭൂപ്രകൃതി വിവിധങ്ങളായ ദുരന്തങ്ങൾക്ക് സാധ്യത വർദ്ധിപ്പിക്കുന്നതാണ്, 2018-19 കാലയളവിൽ കാലാവസ്ഥ മാറ്റങ്ങളെ തുടർന്നുണ്ടായ ഭൗമനാശങ്ങളും, തീവ്രപ്രളയവും ജില്ലയുടെ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക ഭദ്രതയെ ദോഷകരമായി ബാധിക്കുന്നതാണ്.

പ്രത്യേക പരിഗണന വേണ്ട ദുർബലവിഭാഗമായ ആദിവാസികൾ താമസിക്കുന്ന കോളനികൾ ഭൂരിഭാഗവും വിവിധ ദുരന്തങ്ങൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിലാണ്. അവരുടെ ജീവിതവും ദിനചര്യകളും പ്രത്യേക സാംസ്കാരിക സാമൂഹിക ഭദ്രതയോടു കൂടിയതും പ്രകൃതിയാൽ ഉൾചേർന്ന വിശ്വാസങ്ങളോട് ഇണങ്ങിയതും ആണ്. പലപ്പോഴുമുണ്ടാകുന്ന ദുരന്തങ്ങൾ അവരുടെ സാംസ്കാരിക പൈതൃകത്തെയും പാരിസ്ഥിതിക ചുറ്റുപാടുകളെയും നശിപ്പിക്കാൻ ഉതകുന്നവയാണ്. സുസ്ഥിരമായ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കിയാൽ മാത്രമേ സാമൂഹിക ഭദ്രതയോടൊപ്പം ഓരോ കോളനിയിലുള്ള ജനങ്ങളുടെ ജീവിതം അപകടരഹിതമാക്കുന്നതിനും സാധിക്കുകയുള്ളൂ.

ഇത്തരത്തിൽ ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന കോളനികളിൽ സാമൂഹിക പങ്കാളിത്തത്തോട് കൂടി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ സമ്പൂർണ്ണ ദുരന്തനിവാരണ ലഘൂകരണ പദ്ധതി നടപ്പിലാക്കുകയാണ്. ജില്ലയിലെ ഏറ്റവും കൂടുതൽ ദുരന്തസാധ്യതയുള്ള കോളനികളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി കോളനികളിൽ ദുരന്തസാധ്യത മാപ്പിംഗ്, റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരണവും പരിശീലനവും, ദുരന്ത പ്രതികരണ പരിശീലനം, ദുരന്ത നിവാരണ പരിശീലനം, വിഭവശേഷി മാപ്പിംഗ്, ഫയർ ആന്റ് സേഫ്റ്റി പരിശീലനം, പ്രഥമശുശ്രൂഷാ

പരിശീലനം, ദുരന്ത നിവാരണപ്ലാൻ, അടിയന്തര കാര്യനിർവ്വഹണങ്ങൾക്കായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ജില്ലാ ഏമർജൻസി ഓപ്പറേഷൻ സെന്ററിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പും, ഫയർഫോഴ്സും ചേർന്ന് നടത്തുന്നതാണ്.

ആദിവാസി ജനത നേരിടുന്ന എല്ലാ തരത്തിലുമുള്ള ദുരന്തങ്ങളെയും അതിജീവിക്കാൻ ഉതകുന്ന സമ്പൂർണ്ണ പങ്കാളിത്താധിഷ്ഠിത പദ്ധതി ആണ് ഈ പ്രവർത്തനത്തിലൂടെ ജില്ലാ ഭരണകൂടവും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ലക്ഷ്യമിടുന്നത്. ഇതിലൂടെ സുസ്ഥിരമായ ജീവിത സാഹചര്യവും പാരിസ്ഥിതിക ഭദ്രതയും കൈവരിക്കാൻ ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് കഴിയും എന്ന് പ്രത്യാശിക്കുന്നു.

സ്നേഹപൂർവ്വം

ഡോ. അദീല അബ്ദുള്ള IAS
ജില്ലാ കളക്ടർ & ചെയർപേഴ്സൺ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി
വയനാട്

ഉള്ളടക്കം

വെള്ളപ്പൊക്കം - 5
ഉരുൾപ്പൊട്ടൽ - 9
മനുഷ്യ-മൃഗ സംഘർഷം - 12
മുങ്ങിമരണം- 16
തീപിടുത്തം - 20
കാട്ടുതീ - 23
താപവാതം - 27
ഇടിമിന്നൽ - 32
പാമ്പുകടി - 36
ദുരന്ത സാധ്യതാ മാപ്പുകൾ - 37-40
എമർജൻസി കിറ്റ് - 41

പ്രിന്റഡ് @ അമൃദ് കൽപ്പറ്റ
ഫോൺ: 04936 202195

വെള്ളപ്പൊക്കം

വെള്ളപ്പൊക്കം

ഒരു പ്രദേശത്തെ മുഴുവനും വെള്ളത്തിനടിയിലാക്കുന്ന പ്രതിഭാസമാണ് വെള്ളപ്പൊക്കം.

വെള്ളപ്പൊക്കത്തിനു മുൻപ്

- വെള്ളപ്പൊക്കത്തിനു മുൻപ് കുളങ്ങളും, തോടുകളും, കിണറുകളും, മറ്റു ജലാശയങ്ങളും എല്ലാം ശുദ്ധീകരിച്ചു പരമാവധി ജലസംരക്ഷണം ഉറപ്പു വരുത്തുക.
- മണൽ ഭിത്തികൾ വെള്ളപ്പൊക്കത്തിൽ തകരാൻ സാധ്യതയുള്ളതിനാൽ, വെള്ളപ്പൊക്കഭീഷണിയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ സിമന്റും ഇഷ്ടികയും കൊണ്ടുള്ള ഉറപ്പേറിയ ഭിത്തികൾ നിർമ്മിക്കുക.
- അടുപ്പുകൾ ഉയർത്തി സ്ഥാപിക്കുക.
- അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുക.
- പ്രഥമ ശുശ്രൂഷയിലും കൃത്രിമ ശ്വാസോച്ഛ്വാസം നൽകുന്നതിലും പ്രാവീണ്യം ആർജ്ജിക്കുക.
- ഫസ്റ്റ് എയ്ഡ്ബോക്സിനൊപ്പമുള്ള മരുന്നുകളുടെ ലിസ്റ്റും കൂടെ കരുതുക.
- അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട ഫോൺനമ്പർ കുടുംബാംഗങ്ങളുടെ കയ്യിൽ ഉണ്ടെന്നു ഉറപ്പുവരുത്തുക.
- നീന്തൽ അറിയാത്തവർ നീന്തൽ പഠിക്കാൻ ശ്രമിക്കുക.

വെള്ളപ്പൊക്ക സാധ്യത മനസ്സിലായാൽ

- രാത്രികാല യാത്രകൾ പരമാവധി ഒഴിവാക്കുക
- വെള്ളപ്പൊക്ക മുന്നറിയിപ്പുകൾ ശ്രദ്ധയോടെ നിരീക്ഷിക്കുക.
- റേഡിയോ, ടി.വി എന്നിവയിൽ വരുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക
- എമർജൻസി കിറ്റ് എപ്പോഴും കരുതുക.
- വെള്ളപ്പൊക്കം ഉണ്ടായാൽ വീട്ടിൽ നിന്നും മാറ്റേണ്ട സാധനങ്ങൾ ഏതൊക്കെയെന്ന് തീരുമാനിക്കുക

വെള്ളപ്പൊക്കസമയത്ത്

- വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാവാൻ സാധ്യതയുള്ള അപകടങ്ങൾ ഒഴിവാക്കാൻ വെള്ളക്കെട്ടുകളിലൂടെ നടക്കാതിരിക്കുക
- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക
- ഭക്ഷണ സാധനങ്ങൾ മൂടി വയ്ക്കുക
- കട്ടൻചായ, കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം എന്നിവ ഉപയോഗിക്കുക
- വയറിളക്കം ഉണ്ടായാൽ അടുത്തുള്ള ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് ഒ.ആർ.എസ് ലായനി ലഭ്യമാക്കുക
- ബ്ലീച്ചിംഗ് പൗഡർ അല്ലെങ്കിൽ ചുണ്ണാമ്പ് ഉപയോഗിച്ച് പരിസരം വൃത്തിയാക്കുക
- വെള്ളപ്പൊക്ക സമയത്ത് നദികൾ, തോടുകൾ, അരുവികൾ, എന്നിവ മുറിച്ച് കടക്കാതിരിക്കുക.

സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറേണ്ടി വന്നാൽ

- ചൂട് നൽകുന്ന വസ്ത്രങ്ങൾ, അത്യാവശ്യ മരുന്നുകൾ, വിലപിടിപ്പുള്ള വസ്തുക്കൾ, വിലയേറിയ രേഖകൾ എന്നിവ പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ് എമർജൻസി കിറ്റിനോടൊപ്പം എടുക്കുക.
- വീടിന്റെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക.
- വൈദ്യുത ഉപകരണങ്ങൾ ഏറ്റവും ഉയരത്തിൽ വയ്ക്കുക.
- കക്കൂസ്, കുളിമുറി, ഓടകൾ എന്നിവിടങ്ങളിൽ മണൽ നിറച്ച ചാക്ക് ഇടുക. പുറമെ നിന്നുള്ള അഴുക്ക് അകത്തേക്ക് കയറുന്നത് തടയുന്നതിനാണിത്.
- ഒഴുക്കുള്ള വെള്ളം, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇറങ്ങരുത്

വെള്ളപ്പൊക്കത്തിനു ശേഷം

- അടിയന്തിര വൈദ്യസഹായം തേടുക.
- ദുരന്ത ബാധിത പ്രദേശത്ത് സന്ദർശനം നടത്താതിരിക്കുക .
- വീടുകളിൽ തിരികെ കയറുന്നതിനു മുമ്പ് വീടും പരിസരങ്ങളും പരിശോധിച്ചതിനുശേഷം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് വൃത്തിയാക്കുക.
- കുടിവെള്ള സ്രോതസ്സുകൾ മാലിന്യമുക്തമാക്കുക.
- കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കളിക്കാൻ കുട്ടികളെ അനുവദിക്കരുത്.
- വെള്ളത്താൽ ചുറ്റപ്പെട്ട കെട്ടിടങ്ങളിൽ നിന്ന് അകന്ന് നിൽക്കുക.
- വൈദ്യുത ഉപകരണങ്ങൾ അവയുടെ അപകടസാധ്യത ഒഴിവായശേഷം മാത്രം ഉപയോഗിക്കുക.വെള്ളപ്പൊക്കത്തിൽപെട്ട് കുതിർന്ന ഭക്ഷണങ്ങൾ കഴിക്കരുത്.
- വെള്ളം തിളപ്പിച്ചാറിയതിനുശേഷം മാത്രം ഉപയോഗിക്കുക.

ഉരുൾപ്പൊട്ടൽ

ഉരുൾപ്പൊട്ടൽ

ഭൂമിയുടെ ഉപരിതലത്തിലുള്ള പാറകളോ, മേൽമണ്ണോ, ഇവ രണ്ടുമോ താഴേയ്ക്ക് വീഴുകയോ വെള്ളവുമായി ചേർന്ന് ഒഴുകി വരുകയോ ചെയ്യുന്നതിനെയാണ് ഉരുൾപ്പൊട്ടൽ എന്ന് പറയുന്നത്.

ജാഗ്രത നിർദേശങ്ങൾ

- പുരയിടങ്ങളിലേയും കൃഷിസ്ഥലങ്ങളിലേയും നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്താതിരിക്കുക.
- ചെരിവുകളിലെ ദുർബലമായ മേഖലകളുടെ മീതെയുള്ള അമിത ഭാരം ഒഴിവാക്കുക.
- 20 ഡിഗ്രിയിൽ കൂടുതൽ ചെരിവുള്ള കുന്നിൻ പ്രദേശങ്ങളിൽ മണ്ണിനെ പിടിച്ചു നിർത്തുന്ന തരത്തിലുള്ള മരങ്ങൾ വച്ച് പിടിപ്പിക്കുക, നിലവിലുള്ള സസ്യാവരണം സംരക്ഷിച്ച് നിർത്തുക.
- മലഞ്ചെരിവുകളുടെ അടിവാരത്തുനിന്നും മണ്ണ് മാറ്റുന്നത് നിരുത്സാഹപ്പെടുത്തുക
- ഉരുൾപ്പൊട്ടൽ സാധ്യതാമേഖലകളിൽ കെട്ടിടനിർമ്മാണം പൂർണ്ണമായും ഒഴിവാക്കുക.

സ്വീകരിക്കേണ്ട കരുതലുകൾ

- കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെയും ദുരന്തനിവാരണ വകുപ്പിന്റെയും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ വരുന്ന മുന്നറിയിപ്പുകൾ ജാഗ്രതയോടെ ശ്രദ്ധിച്ചതിന് ശേഷം മാത്രം മലയോര മേഖലയിലേക്ക് യാത്ര ചെയ്യുക
- ഉരുൾപ്പൊട്ടൽ മുന്നറിയിപ്പ് ലഭിച്ചാൽ ഉരുൾപ്പൊട്ടൽ പാതയിൽ നിന്നും മലയടിവാരത്തുനിന്നും ഒട്ടും സമയം കളയാതെ മാറുക.
- ശക്തമായ മഴയുള്ള സമയങ്ങളിൽ ഉരുൾപ്പൊട്ടൽ സാധ്യതാ മേഖലയിലെ താമസം ഒഴിവാക്കുക.

- ശരാശരിയിൽ കവിഞ്ഞ മഴ ലഭിക്കുന്ന മലഞ്ചെരിവുകൾ നിരന്തര നിരീക്ഷണത്തിന് വിധേയമാക്കുക.
- നിലത്തുവീണു കിടക്കുന്ന വൈദ്യുത കമ്പികളിലും, വൈദ്യുത തൂണുകളിലും സ്പർശിക്കാതിരിക്കുക.
- ഉരുൾപ്പൊട്ടൽ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക.
- പാറകളിലെ വിള്ളലുകൾ സിമന്റ് കോൺക്രീറ്റ് മിശ്രിതം ഉപയോഗിച്ച് അടയ്ക്കുക.
- മലഞ്ചെരിവുകളുടെ അടിവാരത്ത് നിന്നും മണ്ണ് മാറ്റുന്നത് നിരുത്സാഹ പ്പെടുത്തുക.

മനുഷ്യ–മൃഗ സംഘർഷം



കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയിൽ 29 ശതമാനവും വനഭൂമിയാണ്. ജനസാന്ദ്രതയേറിയ കേരളത്തിൽ വനത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ജനവിഭാഗമാണ് പ്രധാനമായും വന്യജീവി ആക്രമണം നേരിടേണ്ടി വരുന്നത്.

കൃഷി നാശം, ഗതാഗത തടസ്സം, വീടിന്റെയും മറ്റു വസ്തുക്കളുടേയും നാശം തുടങ്ങി ജീവഹാനി വരെ വന്യജീവി ആക്രമണ ഫലമായി വനത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്നു. വിനോദ സഞ്ചാരികളും വനപാതയോട് ചേർന്ന് സഞ്ചരിക്കുന്ന മറ്റു യാത്രക്കാരും പലപ്പോഴും ഈ ആക്രമണങ്ങൾക്ക് ഇരയാക്കപ്പെടുന്നുണ്ട്.

കാരണങ്ങൾ

- വേനൽ കടുക്കുന്നതോടെ കാട്ടിലെ ജല സ്രോതസ്സുകൾ വറ്റുകയും മൃഗങ്ങൾ വെള്ളം തേടി വനത്തിന് പുറത്തിറങ്ങുകയും ചെയ്യുന്നത്.
- വനമേഖലയിലെ അനിയന്ത്രിതമായ കാലിമേയ്ക്കൽ.
- വനമേഖലയിൽ കൂടി കടന്ന് പോകുന്ന റോഡുകളിൽ വാഹനങ്ങൾ തട്ടി മൃഗങ്ങൾക്ക് ഉണ്ടാകുന്ന അപകടങ്ങൾ.
- മനുഷ്യരുടെ കടന്നു കയറ്റം മൂലം വന്യജീവികളുടെ ആവാസ വ്യവസ്ഥയുടെ ശോഷണം.
- മനുഷ്യന്റെ ഇടപെടൽ മൂലമോ പ്രകൃതിയാലോ ഉണ്ടാകുന്ന കാട്ടുതീയിൽ മൃഗങ്ങൾ കാട് വിട്ട് പുറത്തേക്കിറങ്ങുന്നത്.
- കൂട്ടത്തിൽ നിന്ന് പുറത്താക്കപ്പെടുന്നതോ കൂട്ടം തെറ്റിപ്പോകുന്നതോ ആയ മൃഗങ്ങൾ നാട്ടിലെത്തുന്നത്.
- കാലാവസ്ഥാ മാറ്റങ്ങളും മൃഗങ്ങളെ കാട് വിട്ടിറങ്ങാൻ പ്രേരിപ്പിക്കുന്നു.

പ്രതിരോധ മാർഗ്ഗങ്ങൾ

- വേനൽക്കാലത്ത് വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പ് വരുത്തുക.

തോടുകളിലും പുഴകളിലും തടയണകൾ നിർമ്മിച്ച് വെള്ളം കെട്ടിക്കിടക്കാൻ അനുവദിക്കുക.

- മൃഗങ്ങൾക്ക് എളുപ്പം തകർക്കാൻ കഴിയാത്തതും മൃഗങ്ങൾക്കും പ്രകൃതിക്കും പരുക്കേൽക്കാത്തതുമായ വേലികൾ സ്ഥാപിക്കുക.
- കൃഷി സ്ഥലത്തിന് ചുറ്റും കിടങ്ങുകൾ സ്ഥാപിക്കുക
- വികസന പ്രവർത്തനങ്ങളുടെ പേരിൽ കാടുകളെ നശിപ്പിക്കാതിരിക്കുക.
- വിനോദസഞ്ചാരികളും വനത്തോട് ചേർന്ന് താമസിക്കുന്നവരും മൃഗങ്ങളെ ഉപദ്രവിക്കുകയും അവയുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരുത്തുന്ന രീതിയിൽ ഇടപെടാതിരിക്കുകയും ചെയ്യുക.



- പങ്കാളിത്ത വനപരിപാലന പരിപാടികൾ പ്രോത്സാഹിപ്പിക്കുക.
- ജനവാസ ക്രേന്ദങ്ങളിലും വഴിയോരങ്ങളിലും എല്ലായിപ്പോഴും അടിക്കാടുകൾ വെട്ടിനിർത്തുക.
- കിണർ, കുളിമുറി, അടുക്കള തുടങ്ങി, വെള്ളം ശേഖരിച്ചു വെച്ചിരിക്കുന്നതും തണുപ്പുള്ളതുമായ ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കുകയും, ഇഴ ജന്തുക്കൾ ഇല്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക. കാലാകാലങ്ങളായി പ്രയോഗത്തിലുള്ള പ്രാദേശിക അറിവുകൾ പ്രചരിപ്പിക്കുക.
- കാട്ടുതീ തടയുക

വന്യമൃഗ ശല്യം നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ ചെയ്യേണ്ട പൊതുവായ കാര്യങ്ങൾ.

- രാത്രികാലങ്ങളിൽ സൂക്ഷിച്ചു യാത്ര ചെയ്യുക ഒറ്റയ്ക്ക് യാത്ര ചെയ്യാതിരിക്കുക
- കാൽനട യാത്രക്കാർ കയ്യിൽ വെളിച്ചം കരുതുക.
- വന്യമൃഗത്തെ കാണുകയാണെങ്കിലോ, വന്യമൃഗങ്ങൾ നാട്ടിലിറങ്ങിയതിന്റെ എന്തെങ്കിലും ലക്ഷണങ്ങൾ ശ്രദ്ധയിൽ പെട്ടാലോ ഉടൻ വനം വന്യജീവി വാർഡന്റെ ഓഫീസിൽ വിവരം അറിയിക്കുക.
- ഫോൺ വഴിയോ മറ്റു സംവിധാനങ്ങൾ വഴിയോ എല്ലാവരെയും വിവരം അറിയിക്കുക.
- അറിയിപ്പ് ലഭിച്ചാൽ ഉടൻ ജനങ്ങൾ സുരക്ഷിത സ്ഥാനത്ത് അഭയം തേടുക.
- അധികൃതരുടെ നിർദ്ദേശങ്ങൾ പാലിക്കുക.
- മൃഗത്തിനെ തിരികെ കാട്ടിലേക്ക് ഓടിക്കുന്നതിനു പരിശീലനം ലഭിച്ചവരോ നൈപുണ്യമുള്ളവരോ മാത്രം അതിനു മുതിരുക.
- അടുത്തുള്ള ആശുപത്രിയുടേയും ആംബുലൻസിന്റേയും വന ഓഫീസിന്റേയും നമ്പറുകൾ അറിഞ്ഞിരിക്കുക.
- ആനയുടെ മുന്നിൽപ്പെടുകയാണെങ്കിൽ നേരെ ഓടുന്നതിന് പകരം വളഞ്ഞു പുളഞ്ഞു ഇറക്കത്തിലേക്ക് ഓടുക.

- അഥവാ വന്യമൃഗങ്ങളുടെ മുന്നിൽപ്പെടുകയാണെങ്കിൽ മരത്തിനു മുകളിലോ മറവിലോ ഇരിക്കുമ്പോൾ ശാന്തമായും നിശബ്ദമായും ഇരിക്കുക. വാഹനങ്ങളിൽ ആണെങ്കിൽ മൃഗങ്ങൾ ഭയപെടുത്താൻ ശ്രമിച്ചാൽ ലൈറ്റ്, എഞ്ചിൻ ഓഫ് ചെയ്യുക.
- മൃഗത്തിന്റെ കണ്ണിൽപ്പെട്ടാൽ അത് ഭയപ്പെടുത്തുകയാണോ ആക്രമിക്കാൻ വരികയാണോ എന്നത് മനസ്സിലാക്കുക.
- മൃഗങ്ങൾ ആക്രമിക്കാൻ അടുക്കുന്നു എന്നുണ്ടെങ്കിൽ വാഹനം പിന്നോട്ടോടിച്ചു മാറുകയോ ലൈറ്റ്, ഹോൺ എന്നിവ ഉപയോഗിച്ച് തിരികെ പ്രതിരോധിക്കുകയോ ചെയ്യാം.
- മൃഗം നിങ്ങളെ കാണാത്തപക്ഷം അതിന്റെ ശ്രദ്ധ ക്ഷണിക്കുന്ന വിധത്തിൽ ശബ്ദമുണ്ടാക്കാൻ പാടില്ല.
- വിനോദ സഞ്ചാര മേഖലയിൽ അംഗീകൃത ഗൈഡ്മാരുടെ സേവനം ഉറപ്പുവരുത്തുക.

ചെയ്യരുതാത്തത്

- കാട്ടിലൂടെ കടന്നുപോകുമ്പോൾ മൃഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കാതിരിക്കുക. ശബ്ദമുണ്ടാക്കാനോ, ഗന്ധമുള്ള വസ്തുക്കൾ കയ്യിൽ കരുതാനോ. ഉപയോഗിക്കുവാനോ പാടില്ല.
- മൃഗത്തിനെ യാതൊരുവിധത്തിലും പ്രകോപിപ്പിക്കാതിരിക്കുക. അധികൃതരുടെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കാൻ പാടില്ല.
- ഫോട്ടോ എടുക്കുന്നത് ഒഴിവാക്കുക



മുങ്ങിമരണം

മുങ്ങിമരണങ്ങൾ ഇനി വേണ്ടേ വേണ്ടാ!

ലോകാരോഗ്യ സംഘടനയുടെ കണക്കു പ്രകാരം ഓരോ വർഷവും ശരാശരി 3,72,00 മുങ്ങിമരണങ്ങൾ ലോകത്തിൽ ഉണ്ടാകുന്നു. ഇന്ത്യയിൽ പ്രതിദിനം 80 മുങ്ങിമരണങ്ങൾ സംഭവിക്കുന്നു എന്നാണ് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ സൂചിപ്പിക്കുന്നത്. കുട്ടികളാണ് കൂടുതലും മുങ്ങിമരണങ്ങളിൽ അകപ്പെടുന്നത്.

കേരളത്തിലെ ചരിത്രവും മറിച്ചല്ല. വെള്ളത്തിൽ മുങ്ങി അപകടങ്ങൾ സംഭവിക്കുമ്പോൾ വളരെ കുറച്ചു വെള്ളം മാത്രമേ ശ്വാസകോശത്തിൽ പ്രവേശിക്കുന്നുള്ളു. എങ്കിലും ശ്വാസനാളത്തിനുള്ളിൽ ഉള്ള വെള്ളത്തിന്റെ സാന്നിധ്യം മാംസപേശികൾ സങ്കോചിക്കുവാൻ കാരണമാകുന്നു. അത് വായുവിനെ അകത്തേക്ക് കടത്തിവിടാതിരിക്കുകയും ചെയ്യുന്നു. അങ്ങിനെ ഓക്സിജന്റെ ലഭ്യത കുറവുമൂലം മരണം വരെ സംഭവിക്കാവുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു.

മുങ്ങി മരണങ്ങൾ എങ്ങിനെ ഒഴിവാക്കാം.

- കുട്ടികളെ ചെറുപ്പത്തിലേ നീന്തൽ പഠിപ്പിക്കുക. മദ്യപിച്ചു ജലാശയത്തിൽ ഇറങ്ങാതിരിക്കുക.
- ഹൃദയസംബന്ധമായ അസുഖമുള്ളവർ, അപസ്മാരം പോലുള്ള രോഗങ്ങൾ ഉള്ളവർ വേണ്ടവിധത്തിൽ ഉള്ള മുൻകരുതലുകൾ സ്വീകരിക്കുക.
- പാറക്കൂട്ടങ്ങളുടെ അടുത്തേക്ക് കുട്ടികളെ തനിച്ചു വിടാതിരിക്കുക.
- നീന്തൽ അറിയുന്ന ആളുകൾ മാത്രം അപകടസമയങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ഇറങ്ങുക.
- കടത്തുവള്ളങ്ങൾ, ബോട്ടുകൾ എന്നിവ കൃത്യമായ സുരക്ഷാക്രമീകരണങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
- സൂര്യാസ്തമയത്തിനു ശേഷം വെള്ളത്തിൽ ഇറങ്ങാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.
- ഒഴുക്കും ആഴവും മനസ്സിലാക്കി സാവധാനം വെള്ളത്തിലേക്ക് ഇറങ്ങുക.



- കുളത്തിലോ, പുഴയിലോ, കടലിലോ, നീന്തുമ്പോഴും, കുളിക്കുമ്പോഴും സാഹസം ഒഴിവാക്കുക.
- ഒഴുക്കുള്ള വെള്ളം, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇറങ്ങരുത്.
- നീന്തൽ അറിഞ്ഞിരിക്കുക. അറിയാത്ത പക്ഷം ഒരു കാരണവശാലും പുഴയിലോ, കായലിലോ, കടലിലോ ഇറങ്ങാതിരിക്കുക.
- കുട്ടികൾ നീന്തൽ അറിയാവുന്ന ഒരു മുതിർന്ന വ്യക്തിയോടൊപ്പം മാത്രം നീന്താൻ ഇറങ്ങുക.
- തദ്ദേശ ഭരണസ്ഥാപനങ്ങൾ അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പും, ജാഗ്രതാ നിർദ്ദേശങ്ങളും വ്യക്തമായി പ്രദർശിപ്പിക്കുക.
- സ്കൂളുകളിൽ മുങ്ങിമരണങ്ങളെ കുറിച്ചും, പ്രാദേശിക ദുരന്ത സാധ്യതകളെക്കുറിച്ചും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും (മോക്ഡ്രിൽ) ചെയ്യുന്നത് ഒരളവുവരെ കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയും, ദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള ആത്മവിശ്വാസം വളർത്തുകയും ചെയ്യുന്നു.

പ്രഥമ ശുശ്രൂഷ എങ്ങനെ?

അപകടത്തിൽപെട്ട വ്യക്തിക്ക് ആദ്യത്തെ അഞ്ചു മിനിറ്റ് വളരെ നിർണ്ണായകമാണ്. ഫയർഫോഴ്സും മറ്റും അപകട സ്ഥലങ്ങളിൽ എത്തുമ്പോഴേക്കും മരണം സംഭവിക്കാം. അതുകൊണ്ട് തന്നെ, ഇങ്ങനെയുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പ്രഥമശുശ്രൂഷ പരിശീലനം അത്യന്താപേക്ഷിതമാണ്.

രക്ഷിക്കാനായി എടുത്തു ചാടുന്നത് ഒഴിവാക്കുക. അത് നിങ്ങളുടെ ജീവനെയും അപായപ്പെടുത്തിയേക്കാം.

വെള്ളത്തിൽ വീണ വ്യക്തിയെ രക്ഷിക്കാനായി പ്രധാനമായും താഴെ പറയുന്ന രീതികൾ ശ്രമിക്കുക

1. റീച്ച് (കൈ കൊടുത്തു കൊണ്ട്)
2. ത്രോ (രക്ഷപ്പെടുത്താൻ കഴിയുന്ന സാമഗ്രികൾ എറിഞ്ഞു കൊടുത്തു കൊണ്ട്)
3. റോ (വള്ളമോ, തുണിയോ ഉപയോഗിച്ച്)
4. ഗോ (നീന്തിച്ചെന്നുകൊണ്ട്)

   ഈ ക്രമം അവസരോചിതമായി പാലിക്കാൻ ശ്രമിക്കുക. ആദ്യത്തെ മൂന്ന് രീതികളും സാധ്യമെങ്കിൽ മാത്രമേ വെള്ളത്തിൽ ഇറങ്ങാവു.

- അപകടത്തിൽ പെട്ട വ്യക്തിയെ വെള്ളത്തിൽ നിന്നെടുത്ത ശേഷം സുരക്ഷിതമായ ഒരു സ്ഥലത്ത് കിടത്തുക.
- തല ചെരിച്ചു കിടത്തിയ ശേഷം വായിലോ മൂക്കിലോ തടസം ഉണ്ടെങ്കിൽ അത് ആദ്യം മാറ്റുക. വയറ്റിൽ ഒരു പക്ഷെ വെള്ളം ഉണ്ടാകാനുള്ള സാധ്യത ഉണ്ട്. എന്നിരുന്നാലും അത് ബലം പ്രയോഗിച്ചു പുറത്തെടുക്കാൻ ശ്രമിക്കാതിരിക്കുക.
- വ്യക്തി അബോധാവസ്ഥയിൽ ആണെങ്കിൽ ശ്വാസം, നാഡിയിടിപ്പ് നിലച്ചെങ്കിൽ ഹൃദയ സ്പന്ദന ശ്വസന പുനരുജ്ജീവന പ്രക്രിയ (CPR) ചെയ്യുക. ഇതോടൊപ്പം എത്രയും പെട്ടെന്ന് തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക.

തീപിടുത്തം

ഖരദ്രാവക വാതകരൂപത്തിലുള്ള ഇന്ധനങ്ങൾ കത്തുന്നതുമൂലമാണ് പ്രധാനമായും തീപിടുത്തങ്ങൾ ഉണ്ടാകുന്നത്. ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ ഇവ സംഭവിക്കുമ്പോൾ തീ പെട്ടെന്ന് പടർന്നു പിടിക്കുകയും ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അശ്രദ്ധമായി ഭക്ഷണം പാകം ചെയ്യുമ്പോൾ ഉണ്ടാകുന്ന തീപിടുത്തവും സർവ്വസാധാരണമാണ്.

പെട്ടെന്നു തീപിടിക്കുന്ന സാധനങ്ങൾ, കത്തിച്ച സിഗരറ്റ് എന്നിവ ചപ്പുചവറുകളിൽ വലിച്ചെറിയുന്നതു മൂലം ഉണ്ടാകുന്ന തീപിടുത്തങ്ങളും ചെറുതല്ല. തീപിടിക്കാൻ സാധ്യതയുള്ള സാധനങ്ങൾ സൂക്ഷ്മതയോടെയും നിയന്ത്രിതമായും ഉപയോഗിക്കുന്നതിലൂടെ തീപിടുത്തം മൂലമുള്ള അപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്.

വൈദ്യുത പ്രവാഹ മൂലം ഉണ്ടാകുന്ന തീപിടുത്തം

പ്രകൃതിക്ഷോഭങ്ങളായ ഭൂമികുലുക്കം, കൊടുങ്കാറ്റ് എന്നിവ ഉണ്ടാകുമ്പോൾ വൈദ്യുത വിതരണ ശൃംഖലയ്ക്ക് തകരാറുകൾ സംഭവിക്കുകയും തീപിടുത്തം ഉണ്ടാകുകയും ചെയ്യുന്നു. വൈദ്യുതോപകരണങ്ങൾക്കുണ്ടാകുന്ന നിർമ്മാണ വൈകല്യങ്ങളും, മനുഷ്യന്റെ അശ്രദ്ധയും ഇത്തരം തീപിടുത്തങ്ങൾക്കു കാരണമാകാറുണ്ട്.

തീപടർന്നുപിടിച്ചാൽ എന്തുചെയ്യണം ?

- പരിഭ്രാന്തരാകാതെ വീട്ടിൽ നിന്നും പുറത്തിറങ്ങുക.
- വീട്ടിലുള്ള മറ്റ് അംഗങ്ങൾക്ക് മുന്നറിയിപ്പ് നൽകുക.
- വസ്ത്രത്തിനു തീ പിടിച്ചാൽ ഒരിക്കലും ഓടാൻ പാടില്ല. നിൽക്കുന്ന സ്ഥലത്ത് വീണു കിടന്ന് ഉരുളുക.
- പുക അകത്തേക്ക് കടക്കാതിരിക്കാൻ ഒരു നനഞ്ഞ ടൗവ്വൽ വാതിലിന്റെ താഴത്തെ ഭാഗത്ത് ഇടുക.
- അടുത്തുള്ള ഫയർ സ്റ്റേഷനിൽ വിവരം അറിയിക്കുക.

സുരക്ഷാ മാർഗ്ഗങ്ങൾ /മുൻകരുതലുകൾ

- അടുത്തുള്ള ഫയർ സ്റ്റേഷന്റെ നമ്പർ എല്ലാ കുടുംബാംഗങ്ങളും അറിഞ്ഞിരിക്കുക.
- തീപ്പെട്ടി, ലൈറ്റർ എന്നിവ കുട്ടികൾക്ക് കൈയെത്തുന്ന സ്ഥലത്തു നിന്നും മാറ്റിവെയ്ക്കുക.

അടുക്കളയിലെ തീപിടുത്തം

വീടുകളിൽ ഉണ്ടാകുന്ന തീപിടുത്തത്തിന്റെ ഒരു പ്രധാന സ്രോതസ്സ് അടുക്കളയിലെ അടുപ്പാണ്. കുടുംബാംഗങ്ങളുടെ ഭാഗത്തു നിന്നുണ്ടാകുന്ന ചെറിയ അശ്രദ്ധ പോലും മുഴുവൻ വീടിനെത്തന്നെയും നശിപ്പിക്കാൻ കഴിവുള്ള തീപിടുത്തത്തിലേയ്ക്കു നയിക്കും. പെട്ടെന്നു കത്തുന്ന വസ്തുക്കളോ ഇന്ധനമോ സമീപത്തുണ്ടെങ്കിൽ അപകടം വളരെ വലുതായിത്തീരും.

അടുക്കളയിലെ മുൻകരുതലുകൾ

- പാചകം കഴിഞ്ഞാലുടൻ ഗ്യാസ് ഓഫ് ചെയ്തെന്ന് ഉറപ്പാക്കുക.
- പാചകം കഴിഞ്ഞ് വിറകടുപ്പിലെ തീ കെടുത്തി എന്ന് ഉറപ്പുവരുത്തുക.
- പാചകം ചെയ്യുമ്പോൾ സിന്തറ്റിക് വസ്ത്രങ്ങൾ അയഞ്ഞ വസ്ത്രങ്ങൾ എന്നിവ ഉപയോഗിക്കരുത്. മുടി പുറകിലാക്കി കെട്ടിവയ്ക്കുക.
- അടുക്കളയിൽ കുട്ടികളെ ഒറ്റയ്ക്ക് നിർത്താൻ പാടില്ല.
- പാചകം നടക്കുമ്പോൾ മുതിർന്നവർ എപ്പോഴും അടുക്കളയിൽ ഉണ്ടാകണം.
- കത്തുന്ന അടുപ്പിൽ വെച്ചിരിക്കുന്ന പാത്രങ്ങളുടെ കൈപ്പിടികൾ കുട്ടികൾക്ക് സ്പർശിക്കാൻ സാധിക്കാത്ത വിധത്തിൽ വെയ്ക്കുക.

അടുക്കളയിൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ

- സ്റ്റൗവിന് മുകളിലായി കാബിനിൽ/ഷെൽഫിൽ സാധനങ്ങൾ വയ്ക്കരുത്. ചിലപ്പോൾ കുട്ടികൾ അവയെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ തീപടർന്നു പിടിച്ചേക്കാം.
- അടുപ്പിന് മുകളിലൂടെ ആഞ്ഞ് ഒന്നും എടുക്കാൻ ശ്രമിക്കരുത്.
- മണ്ണെണ്ണയും പെട്ടെന്ന് കത്തിപ്പിടിക്കുന്ന മറ്റു വസ്തുക്കളും അടുപ്പിനടുത്തു വയ്ക്കരുത്.
- അടുപ്പിനടുത്തു പോയി ചൂടുകായാൻ ശ്രമിക്കരുത്.
- പാചകവാതകചോർച്ച ഉണ്ടാവുകയാണെങ്കിൽ വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുകയോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി ഉപകരണങ്ങൾ അണയ്ക്കുകയോ ചെയ്യരുത്.

കാട്ടുതീ

എന്താണ് കാട്ടുതീ?

വനത്തിനുള്ളിൽ പടർന്ന് പിടിക്കുന്ന അനിയന്ത്രിതമായ തീയാണ് കാട്ടുതീ. നവംബർ തുടങ്ങി മെയ് വരെയുള്ള കാലയളവിലാണ് വയനാട്ടിൽ പ്രധാനമായും കാട്ടുതീ ഉണ്ടാകുന്നത്. ജൂൺ മുതൽ ഒക്ടോബർ വരെയുണ്ടാകുന്ന കാലവർഷ ത്തിൽ കാടിന്റെ അടിത്തട്ടിൽ അടർന്നു വീഴുന്ന ഇലകളും കൊമ്പുകളുമെല്ലാം, വേനൽ ശക്തി പ്രാപിക്കുന്നതോടു കൂടി അന്തരീക്ഷത്തിലെ ആർദ്രത കുറഞ്ഞ്, കാടിന്റെ അടിത്തട്ട് വരണ്ടുണങ്ങുകയും കാട്ടുതീ ഉണ്ടാകുന്നതിനുള്ള അനുകൂല സാഹചര്യം രൂപപ്പെടുകയും ചെയ്യുന്നു.

കാട്ടുതീ എങ്ങനെ ഉണ്ടാകുന്നു

സ്വാഭാവിക കാരണങ്ങളോ കാട്ടിലേക്ക് വലിച്ചെറിയപ്പെടുന്ന സിഗരറ്റ് കുറ്റി കളോ, തീപ്പെട്ടി കൊള്ളികളോ മനഃപൂർവ്വം കത്തിക്കുന്ന തീയോ കാട്ടു തീ പടർന്നു പിടിക്കാൻ കാരണമാകുന്നു. കാട്ടു പാതയോരങ്ങളിൽ നിന്നാ ണ് സാധാരണയായി തീ പടർന്ന് പിടിക്കുന്നത്. പ്രകൃതിജന്യമായ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത വെറും ഒരു ശതമാനം മാത്രമാണ് ബാക്കി 99% മനുഷ്യ പ്രേരിതമായി സംഭവിക്കുന്നതാണ്. മനുഷ്യന്റെ അമിതമായ കടന്നു കയറ്റവും അശ്രദ്ധയും കാട്ടുതീ ഉണ്ടാക്കുന്നു. അതുകൊണ്ട് കാട്ടുതീ ഉണ്ടാകാതെ ശ്രദ്ധി ക്കുക എന്നുള്ളതാണ് പ്രാഥമിക ലക്ഷ്യം.

പ്രകൃതിജന്യ കാട്ടുതീ-കാരണങ്ങൾ

- ഇടിമിന്നൽ
- മുളകളോ വൃക്ഷങ്ങളോ തമ്മിലുള്ള ഉരസൽ.
- പാറകൾ/കല്ലുകൾ/തമ്മിലുള്ള ഉരസൽ

മനുഷ്യനാലുള്ള കാട്ടുതീ-കാരണങ്ങൾ

- അലക്ഷ്യമായി വലിച്ചെറിയുന്ന കത്തിച്ച സിഗരറ്റ്, ബീഡി, തീപ്പെട്ടി എന്നിവ
- കാലിമേയ്ക്കലിനായി കാട് തീയിടുന്നത്.
- വനവിഭവ ശേഖരണം നടത്തുന്നതിന് വേണ്ടി കാട് തീയിടുന്നത്.
- വേട്ടയാടാൻ വേണ്ടി.
- പ്രാദേശിക കലാപങ്ങൾ മൂലം ഉണ്ടാകുന്ന തീപിടുത്തം
- അശാസ്ത്രീയവും നിയമവിരുദ്ധവുമായ കൃഷി രീതികളുടെ ഭാഗമായി കാട് വെട്ടിതെളിക്കുന്നത് കത്തിക്കുന്നത്.
- വന്യമൃഗങ്ങളിൽ നിന്നും രക്ഷപ്പെടാൻ.

കാട്ടുതീ ലഘൂകരണം

1. പ്രാദേശിക അറിവുകളും മുൻകാല വിവരങ്ങളും അടിസ്ഥാനപ്പെടുത്തി പ്രസ്തുത പ്രദേശത്തിന്റെ കാട്ടുതീ മൂലമുള്ള പ്രത്യാഘാതം മനസ്സിലാക്കി

പ്രദേശവാസികളെ ബോധവൽക്കരിക്കുകയും കാട്ടുതീ നേരിടുന്നതിനായി പ്രാപ്തരാക്കുകയും ചെയ്യുക.

2. സ്ഥിരമായി കാട്ടുതീ ഉണ്ടാകുന്ന പ്രദേശങ്ങൾ മനസ്സിലാക്കിവെയ്ക്കുക. ഇവിടങ്ങളിൽ സമഗ്രമായ കാട്ടുതീ ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

വനാതിർത്തികളിൽ താമസിക്കുന്നവർ ചെയ്യേണ്ടത്.

1. വീടുകളിൽ ഒരു എമർജെൻസി കിറ്റ് കരുതിവയ്ക്കുക.
2. വനത്തിനോടുചേർന്നുള്ള വീടുകളുടെ ചുറ്റുമുള്ള ചെറുകാടുകൾ വെട്ടിതെളിച്ച് സസ്യങ്ങളുടെ വളർച്ചയെ നിയന്ത്രിക്കുക. (പൈൻമരം)
4. തീപിടിക്കാൻ സാധ്യതയുള്ള വസ്തുക്കൾ (തടി, കെട്ടിട നിർമ്മാണ വസ്തുക്കൾ മുതലായവ) കെട്ടിടത്തിന്റെ 10 മീറ്റർ അകലെ സൂക്ഷിക്കുക.
5. കാട്ടുതീ ഉണ്ടാകാൻ സാധ്യതയുള്ള മാസങ്ങളിൽ വെള്ളം സംഭരിച്ച് വയ്ക്കുക.
6. വീടുകളിൽ ഉള്ള ഉപയോഗശൂന്യമായ പേപ്പറുകളും മറ്റു പാഴ് വസ്തുക്കളും മുറ്റത്തും മേൽക്കൂരയിലും അടിഞ്ഞുകൂടുന്ന കരിയിലകളും കാറ്റ് അധികമില്ലാത്ത സമയം നോക്കി കത്തിച്ചുകളയുക.
7. വനത്തിനുള്ളിലോ സമീപപ്രദേശത്തോ പുകവലിക്കാതിരിക്കുക.
8. അനിയന്ത്രിതവും അപ്രതീക്ഷിതവുമായ തീയോ അല്ലെങ്കിൽ പരിസരങ്ങളിൽ തീയുടെ സാന്നിധ്യമോ കണ്ടാൽ ബന്ധപ്പെട്ട അധികാരികളെ (വനപാലകർ, അഗ്നിശമന വിഭാഗം) എത്രയും പെട്ടെന്ന് വിവരം അറിയിക്കുക.

കാട്ടുതീ ഉണ്ടാകുമ്പോൾ

1. മുന്നറിയിപ്പുകൾ ശ്രദ്ധയോടെ കേൾക്കുക.
2. വീടുവിട്ടു പുറത്തു പോകുവാൻ നിർദ്ദേശം ലഭിക്കുകയാണെങ്കിൽ പരിഭ്രാന്തരാകാതെ സുരക്ഷിത സ്ഥലത്തേയ്ക്ക് പോവുക.
3. അഗ്നിബാധകളിൽ പെടാതെ മുൻകൂട്ടി നിശ്ചയിച്ച സുരക്ഷിത മാർഗ്ഗത്തിലൂടെ രക്ഷപ്പെടുക.

4. തീപ്പൊരി, ചൂടുചാരം എന്നിവയിൽ നിന്ന് പൊള്ളൽ ഏൽക്കാത്ത വസ്ത്രങ്ങളും പാദരക്ഷകളും ധരിക്കുക.
6. വീടിനു പുറത്തു കടക്കുന്നതിനു മുമ്പ് ജനലുകൾ, വാതിലുകൾ എന്നിവ അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

നിങ്ങൾക്ക് ചെയ്യാവുന്നത്

- 101 എന്ന ടോൾ ഫ്രീ നമ്പറിലോ ഏറ്റവും അടുത്തുള്ള അഗ്നി ശമന ഓഫീസിലോ ഉടൻ വിവരം അറിയിക്കുക.
- കാടിന് സമീപമുള്ള ആരാധനാലയങ്ങളിൽ കരിമരുന്നു പ്രയോഗം നടത്തുമ്പോൾ കാട്ടിലേയ്ക്ക് തീ പടരാതെ ശ്രദ്ധിക്കുക.
- വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട് ക്യാമ്പ് ഫയർ പോലുള്ള പരിപാടികൾ, കാടിനുള്ളിലെ പുകവലി, മദ്യപാനം, മാലിന്യങ്ങൾ വലിച്ചെറിയുന്നത് മുതലായവ ഒഴിവാക്കുക.
- കാട്ടു തീ ശ്രദ്ധയിൽപ്പെടുന്ന പക്ഷം സുരക്ഷിത സ്ഥാനത്തേയ്ക്ക് നീങ്ങുക. ചിത്രങ്ങൾ പകർത്താനോ രക്ഷാപ്രവർത്തകരുടെ മാർഗ്ഗം തടസ്സപ്പെടുത്തുവാനോ ശ്രമിക്കരുത്.
- കാട്ടുതീ സാധ്യതയുള്ള സമയങ്ങളിൽ കാട്ടിനുള്ളിലെ വിനോദ സഞ്ചാരം ഒഴിവാക്കുക. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ അംഗീകൃത വിനോദ സഞ്ചാര മേഖലകളിൽ പോകുക.

താപവാതം

താപതരംഗം

ശരാശരി ആഗോള താപനിലയുടെ വ്യതിയാനങ്ങളും അതുവഴി വരുന്ന കാലാവസ്ഥാ മാറ്റങ്ങളും വിവിധ തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം കാലാവസ്ഥാ വ്യതിയാനങ്ങൾ ദുരന്തങ്ങളുടെ കാഠിന്യവും വേഗതയും വർദ്ധിപ്പിക്കുക വഴി അപകടകരവും മാരകവുമായ പ്രത്യാഘാതങ്ങളിലേക്ക് നയിക്കുന്നു.

ഇന്ത്യയിൽ താപതരംഗം മൂലം 1992 മുതൽ 2016 വരെ 25,716 മരണങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേരളത്തിൽ 2016 ഏപ്രിൽ മാസം പാലക്കാട് ജില്ലയിൽ ആണ് ആദ്യമായി താപതരംഗം രേഖപ്പെടുത്തിയിട്ടുള്ളത്.

എന്താണ് താപതരംഗം

വേനൽക്കാലത്ത് (ഏപ്രിൽ മുതൽ ജൂൺ വരെ), ഒരു പ്രദേശത്തു സാധാരണയായി നിലനിൽക്കുന്ന പരമാവധി താപനിലയെക്കാൾ 5 ഡിഗ്രി സെൽഷ്യസിനു മുകളിൽ ഉയർന്ന താപം അനുഭവപ്പെടുകയും, കഠിനമായ ചൂട് അഞ്ചു ദിവസത്തിൽ കൂടുതൽ നിലനിൽക്കുകയും ചെയ്താൽ ആ പ്രദേശത്ത് താപതരംഗം ഉണ്ടായിയെന്ന് പറയാം.

താപതരംഗം മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളിൽ ഏറ്റവും അപകടകരമായതാണ് സൂര്യാഘാതം. തുറസ്സായ സ്ഥലങ്ങളിൽ വച്ച് സൂര്യരശ്മികൾ നേരിട്ടേൽക്കുന്നതു മൂലമാണ് സൂര്യാഘാതം ഉണ്ടാകുന്നത്. എന്നാൽ താപതരംഗം ഉണ്ടാകാൻ സൂര്യരശ്മികൾ നേരിട്ടേൽക്കണം എന്നില്ല. അന്തരീക്ഷത്തിലെ താപവാതം മൂലം നിർജ്ജലീകരണം ഉണ്ടാകുകയും അതുമൂലം തളർന്നു വീഴുകയും ചെയ്യാം.

താപതരംഗം : കരുതൽ വേണം

സാധാരണയായി 11:00am മുതൽ 3:00pm വരെയുള്ള സമയങ്ങളിൽ ആണ് താപതരംഗവും അതുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങളും കൂടുതലായി ഉണ്ടാകുന്നത്.

ഈ സമയങ്ങളിൽ കടുത്ത ചൂടുമായി നേരിട്ട് ശാരീരിക സമ്പർക്കം പുലർത്തുന്നവർക്കാണ് താപവാതം മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നത്. അതിനാൽ താഴെ പറയുന്ന വിഭാഗത്തിൽ വരുന്ന വ്യക്തികൾ പ്രത്യേക മുൻകരുതലുകൾ എടുക്കേണ്ടതാണ്.

കുട്ടികൾ, പ്രായമായവർ, വിവിധങ്ങളായ അസുഖം ഉള്ളവർ ജീവിതശൈലീ രോഗങ്ങൾ ഉള്ളവർ, ത്വക്ക് രോഗമുള്ളവർ, രോഗ പ്രതിരോധ ശേഷി കുറവുള്ളവർ, കർഷക തൊഴിലാളികൾ, കെട്ടിട നിർ

മ്മാണ തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ മറ്റ് പുറംജോലികളിൽ ഏർപ്പെടുന്നവർ.

താപതരംഗം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ

അതി കഠിനമായ ചൂട് പല വിധത്തിലുള്ള ശാരീരിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പ്രാഥമിക ശുശ്രൂഷയും പ്രതിരോധ മാർഗ്ഗങ്ങളും അറിയുന്നതുവഴി ഒരു പരിധിവരെ ഉഷ്ണതരംഗത്തിന്റെ അപകടസാധ്യതകൾ കുറയ്ക്കാവുന്നതാണ്. ചൂടിന്റെ തീവ്രത കൂടുന്നതനുസരിച്ച് ഉണ്ടാകുന്ന ശാരീരിക ബുദ്ധിമുട്ടുകളും, രോഗ ലക്ഷണങ്ങളും അവയുടെ പ്രാഥമിക ചികിത്സാ രീതികളും താഴെ വിവരിക്കുന്നു.

ഉടനടി ചെയ്യേണ്ടത്

താപതരംഗം മൂലം ഒരു വ്യക്തി തളർന്നു വീഴുകയാണെങ്കിൽ

- രോഗിയെ തറയിലോ/ കട്ടിലിലോ കിടത്തുക
- ചൂട് കുറയ്ക്കാൻ ഫാൻ ഉപയോഗിക്കുക
- കാലുകൾ ഉയർത്തി വയ്ക്കുക
- വെള്ളത്തിൽ നനച്ച തുണി ദേഹത്തിടുക
- വെള്ളം, ദ്രാവക രൂപത്തിലുള്ള ആഹാരങ്ങൾ നൽകുക.

1. ചൂട്കൊണ്ടുള്ള തടിപ്പുകൾ-

ലക്ഷണം-ചുവന്നു തടിച്ച ചർമ്മം, ദേഹത്ത് തടിപ്പുകൾ, വേദന, പനി, തലവേദന

പ്രഥമ ശുശ്രൂഷ: സോപ്പ് ഉപയോഗിച്ച് തണുത്ത വെള്ളത്തിൽ കുളിക്കുക.

2. പേശിവലിവ്

ലക്ഷണം-പേശിവലിവ് പ്രത്യേകിച്ച്-കൈകൾ, കാലുകൾ, ഉദരം അസാധാരണമായ വിയർപ്പ് അനുഭവപ്പെടുക

പ്രഥമ ശുശ്രൂഷ: തണലുള്ള സ്ഥലത്തേയ്ക്കു മാറ്റുക, തണുത്ത പ്രതലത്തിൽ കിടത്തുക, കൈകളും കാലുകളും തിരുമ്മുക, ഓക്കാനവും മനംപിരട്ടലും ഇല്ലെങ്കിൽ കുടിക്കാൻ വെള്ളം കൊടുക്കാവുന്നതാണ്.

3. ചൂടുകൊണ്ടുള്ള തളർച്ച

ലക്ഷണം: ക്ഷീണം, തളർച്ച, പേശിവലിവ്, ഓക്കാനം ഛർദ്ദി, കുറഞ്ഞു/കൂടിയ നാഡിമിഡിപ്പ്, അസാധാരണമായ വിയർപ്പ്, മന്ദത, ബോധക്ഷയം, മൂത്രം കടുത്ത മഞ്ഞനിറം ആകുക, വയറിളക്കം,

പ്രഥമ ശുശ്രൂഷ: തണുത്ത പ്രതലത്തിൽ കിടത്തുക, മുറുകിയ വസ്ത്രങ്ങൾ ഉണ്ടെങ്കിൽ മാറ്റുക. നനച്ച തുണികൊണ്ട് ശരീരം തുടയ്ക്കുക. ചൂട് കുറയ്ക്കാൻ ഫാൻ ഇടുക. ഓക്കാനവും, മനംപിരട്ടലും ഇല്ലെങ്കിൽ കുടിക്കാൻ വെള്ളം കൊടുക്കാവുന്നതാണ്. ഛർദ്ദിയുണ്ടെങ്കിൽ അടിയന്തിര വൈദ്യസഹായം തേടുക.

4. താപാഘാതം (Heat Stroke) സൂര്യാഘാതം (Sun Stroke)

ലക്ഷണം: കൂടിയ നാഡിമിടിപ്പ്, ശ്വസിക്കാൻ പ്രയാസം, വിയർപ്പിന്റെ അഭാവം, ചർമം ചുവന്നു തടിക്കുക, പൊളളലേൽക്കുക, മാനസിക പിരിമുറുക്കം, 40 ഡിഗ്രി സെൽഷ്യസിനു മുകളിൽ ശരീരോഷ്മാവ് ഉയരുക, ചർമ്മം വരണ്ടുപോകുക ശ്വസന പ്രക്രിയ സാവധാനത്തിലാവുക, മാനസിക പിരിമുറുക്കം ഉണ്ടാകുക, തലവേദന, പേശിവലിവ് എന്നിവയുണ്ടാകുക, കൃഷ്ണമണി വികസിക്കുക, ക്ഷീണം, ചുഴലി രോഗ ലക്ഷണങ്ങൾ.

പ്രഥമ ശുശ്രൂഷ-അടിയന്തരമായ വൈദ്യസഹായം തേടിയില്ലെങ്കിൽ മരണം വരെ സംഭവിക്കാം, നനച്ച തുണികൊണ്ട് ശരീരം തുടയ്ക്കുക, ചൂട് കുറയക്കാൻ ഫാൻ/എ.സി ഉപയോഗിക്കുക.

താപതരംഗം-പ്രതിരോധ മാർഗ്ഗങ്ങൾ

പൊതുവായത്

- മാധ്യമങ്ങൾ വഴിയുളള കാലാവസ്ഥാ മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക
- കടുത്ത ചൂടിനോട് ദീർഘനേരം ശാരീരിക സമ്പർക്കം ഒഴിവാക്കുക.
- ശുദ്ധ ജലം ധാരാളം കുടിക്കുക. ദിവസവും എട്ട് ഗ്ലാസ് വെളളം എങ്കിലും കുടിക്കുക. ORS സംഭാരം, കഞ്ഞിവെള്ളം എന്നിവ ധാരാളം കുടിക്കാവുന്നതാണ്.
- നനച്ച തുണി പിഴിഞ്ഞ് ശരീരം തുടയ്ക്കുക
- ശരീരം പൂർണ്ണമായി കാര്യക്ഷമമല്ലെങ്കിൽ ശാരീരികാധ്വാനം ഉള്ള പ്രവർത്തികൾ ഒഴിവാക്കുക.
- എല്ലാ പ്രവൃത്തികളും ദിവസത്തിലെ ചൂട് കുറഞ്ഞ സമയം നോക്കി ക്രമീകരിക്കുക. ശാരീരികാദ്ധ്വാനം വേണ്ടി വരുന്ന പ്രവൃത്തികൾ ഉച്ച സമയത്ത് ചെയ്യാതിരിക്കുക.
- കാപ്പി, ചായ, മദ്യം, ശീതളപാനീയങ്ങൾ മുതലായവ ഒഴിവാക്കുക. ഇവ നിർജ്ജലീകരണത്തിനു കാരണമാകാം
- കട്ടികുറഞ്ഞതും ഇളം നിറത്തിലുള്ളതും, അയഞ്ഞതും കാലാവസ്ഥക്ക് അനുയോജ്യമായതുമായ പരുത്തി വസ്ത്രങ്ങൾ ധരിക്കുക
- സൂര്യപ്രകാശവുമായി നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കാനായി കുട



ഉപയോഗിക്കാം. വീട്ടിൽ വായു സഞ്ചാരം കൂട്ടുന്നതിന് ജനാലകൾ തുറന്നിടുകയും ഫാൻ ഉപയോഗിക്കുകയും ചെയ്യാം. പോഷക മൂല്യമുള്ള ഭക്ഷണം കഴിക്കാൻ ശ്രദ്ധിക്കുക.

- തലകറക്കമോ ക്ഷീണമോ തോന്നുന്നെങ്കിൽ ഡോക്ടറെ സമീപിക്കുക.
- വളർത്തു മൃഗങ്ങളെ തണലത്തു നിറുത്തണം, ധാരാളം വെള്ളം കൊടുക്കാൻ ശ്രദ്ധിക്കണം

ജാഗ്രതാ നിർദ്ദേശങ്ങൾ

- 11.00 am - 3.00 pm മണിവരെ വെയിലത്തിറങ്ങാതെ സൂര്യരശ്മികളുമായി നേരിട്ടുള്ള സമ്പർക്കം ഉണ്ടാകാതെ ശ്രദ്ധിക്കണം
- ചെരിപ്പുപയോഗിക്കാതെ നടക്കരുത്
- ചൂടുകൂടുതലുള്ള സമയങ്ങളിൽ പാചകം ചെയ്യരുത്. പാചക സ്ഥലത്തേയ്ക്ക് വായു സഞ്ചാരത്തിനായി ജനാലകൾ തുറന്നിടുക
- കുട്ടികൾ, വയോധികർ എന്നിവരെ നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളിൽ തനിച്ചാക്കരുത്.
- ചൂടുകൂടുതലുള്ള സമയങ്ങളിൽ മാംസാഹാരങ്ങൾ കുറയ്ക്കുക. (പാൽ, മുട്ട, മാംസാഹാരങ്ങൾ, പയർവർഗ്ഗങ്ങൾ)
- മൃഗങ്ങൾക്ക്/പക്ഷികൾക്ക് പ്രത്യേകം പരിഗണന നൽകേണ്ടതാണ്.

ഇടിമിന്നൽ

മിന്നൽ ഉണ്ടാകുന്നത് എങ്ങനെ

മേഘങ്ങളിൽ ഏറ്റവും വലിപ്പമേറിയ ക്യുമുലോനിംബസ് വിഭാഗത്തിൽപ്പെട്ട മേഘങ്ങളാണ് മിന്നൽ ഉണ്ടാക്കുന്നത്. ഇവ താപം വഹിക്കുന്ന മേഘങ്ങളാണ്. സൂര്യരശ്മികളുടെ സഹായത്തോടെ പ്രഭാതത്തിലാണ് ഈ മേഘങ്ങൾ രൂപപ്പെടുന്നത്.

മേഘങ്ങളിൽ നിന്ന് ഇടിമുഴക്കത്തിന്റെ അകമ്പടിയോടെ ഭൗമോപരിതലത്തിൽ അമിത ഊർജ്ജത്തോടെ പ്രവഹിക്കുന്ന വൈദ്യുതി പ്രസരണമാണ് ഇടിമിന്നൽ. ഇത് നിമിഷത്തിന്റെ പത്തിലൊന്ന് സമയത്തിനുള്ളിൽ സംഭവിക്കുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ ദശലക്ഷക്കണക്കിന് വോൾട്ട് വൈദ്യുതിയും മുപ്പതിനായിരത്തോളം ഡിഗ്രി താപവും സൃഷ്ടിക്കുന്നു.

മിന്നൽ ഉണ്ടാകുന്നതിന്റെ സമയവും പതിക്കുന്ന സ്ഥലവും കൃത്യമായി പ്രവചിക്കുക പ്രയാസകരമാണ് എങ്കിലും മിന്നൽ ഉണ്ടാകുന്ന കാലം പൊതുവേ അറിവുള്ളതാണ്. കേരളത്തിൽ സാധാരണയായി ഒക്ടോബർ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ മിന്നൽ ഉണ്ടാകാറുണ്ട്. ഉച്ചതിരിഞ്ഞാണ് മിന്നൽ കൂടുതലായി സംഭവിക്കുന്നത്.

മിന്നൽ സംരക്ഷണ മാർഗങ്ങൾ

1. മിന്നൽ രക്ഷാ ചാലകം - പെട്രോളിയം ശേഖരണ ടാങ്കുകൾ, പൊട്ടിത്തെറിക്കാൻ സാധ്യതയുള്ള വസ്തുക്കൾ സൂക്ഷിക്കുന്ന സ്ഥലങ്ങൾ, മിന്നലിൽ നിന്നും രക്ഷ അനിവാര്യമായ കെട്ടിടങ്ങൾ എന്നിവയ്ക്ക് സുക്ഷാ കവചം കവചം ഒരുക്കുന്ന സംവിധാനമാണ് മിന്നൽ രക്ഷാചാലകം.എന്നാൽ ഈ സംവിധാനത്തിന് മിന്നൽ ഉണ്ടാകുന്നത് തടയാൻ സാധിക്കില്ല.

2. എർത്തിംഗ്-ഗാർഹിക വൈദ്യുത പ്രസരണത്തിൽ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ വോൾട്ടേജ് മിന്നൽ പ്രവാഹം മൂലം ഉണ്ടാകുന്നതിനാൽ ഗാർഹിക വൈദ്യുത പ്രസരണത്തിനായി ചെയ്തിട്ടുള്ള എർത്തിംഗ് മിന്നൽ രക്ഷാ ചാലകത്തിന് പര്യാപ്തമല്ല. ഇതിനായി പ്രത്യേക തരത്തിലുള്ള എർത്തിംഗ് ആവശ്യമാണ്.

3. മിന്നൽ അറസ്റ്റർ-വൈദ്യുത ഉപകരണങ്ങൾ ആഘാതത്തിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള സംവിധാനമാണ് മിന്നൽ അറസ്റ്റർ.

മിന്നൽ പ്രവാഹം വൈദ്യുത ഉപകരണത്തിന്റെ സർക്യൂട്ട് ലോഡ് കടക്കാതെ ഭൂമിയിലേക്ക് കടത്തിവിടുന്നതിനുള്ള മാർഗ്ഗം ഒരുക്കിയാണ് ഈ ഉപകരണം സുരക്ഷയേകുന്നത്.

മിന്നൽ ഉണ്ടാകുന്ന സമയത്ത് ഒഴിവാക്കേണ്ട വസ്തുക്കളും പരിസരങ്ങളും

- വൻമരങ്ങൾ ഉള്ള വനങ്ങളും പരിസരപ്രദേശങ്ങളും ഒഴിവാക്കുക.
- തുറസ്സായതും സുരക്ഷാ കവചങ്ങൾ ഇല്ലാത്തതുമായ കളപ്പുര, ചെറു കെട്ടിടങ്ങൾ, നിരീക്ഷണ ടവറുകൾ, കുടിലുകൾ, തുറസ്സായ ജലസ്രോതസ്സുകൾ, കുന്നുകൾ എന്നിവയും അപകടകരമാണ്.
- വൈദ്യുത ലൈനുകൾ, ഇരുമ്പ് കമ്പികൾ ലോഹപോസ്റ്റുകൾ എന്നിവയുടെ സമീപപ്രദേശങ്ങൾ മാറിനിൽക്കുക.
- കൊടിമരം, ടി വി ആന്റിനയുടെ പൈപ്പ് , കുത്തനെയുള്ള ലോഹ പൈപ്പുകൾ എന്നിവയുടെ സമീപത്ത് നിന്ന് മാറി നിൽക്കേണ്ടതാണ്.
- ലോഹം കൊണ്ട് നിർമ്മിച്ച വേലികൾ, കൈവരികൾ, വാഹനങ്ങൾ, റെയിൽവേ ട്രാക്ക് എന്നിവയുമായി ചേർന്ന് നിൽക്കുന്നത് അപകടം ക്ഷണിച്ചു വരുത്തും.
- സൈക്കിൾ ചവിട്ടുന്നതും കുതിരയെ തെളിക്കുന്നതും മോട്ടോർ സൈക്കിൾ, ട്രാക്ടർ എന്നിവ ഓടിക്കുന്നതും ഒഴിവാക്കണം.
- കോടാലി. പിക്ക് ആക്സ്, കുട, ലോഹ കസേരകൾ തുടങ്ങിയവ ഉപയോഗിക്കാൻ പാടുള്ളതല്ല.

മിന്നലിൽ നിന്ന് സുരക്ഷയേകുന്ന ഇടങ്ങൾ

മിന്നലിനെ ഉൾഭാഗത്തേക്ക് തുളച്ചു കയറാൻ അനുവദിക്കാത്തതും പൊട്ടാത്തതുമായ ലോഹ പ്രതലങ്ങളാൽ ഭാഗികമായോ പൂർണ്ണമായോ ചുറ്റപ്പെട്ട സ്ഥലങ്ങളിൽ ഒരു വ്യക്തി സുരക്ഷിതനായിരിക്കും.

ഉദാഹരണത്തിന്

- സ്റ്റീൽ ഫ്രെയിം ഉള്ള കെട്ടിടങ്ങൾ
- വാഹനങ്ങളുടെ ഉൾവശങ്ങൾ
- മേൽക്കൂരയും ഭിത്തിയും ലോഹ ഷീറ്റ് കൊണ്ട് മൂടിയതും, ജോയിന്റുകൾ ചാലക പ്രതലം ഉറപ്പാക്കുന്ന തരത്തിൽ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചതുമായ കെട്ടിടങ്ങൾ
- വലുതും ചെറുതുമായ കെടട്ടിടങ്ങളുടെ ഉൾഭാഗങ്ങൾ

മിന്നൽ ഉണ്ടായാൽ സ്വീകരിക്കേണ്ട മുൻകരുതൽ

- അരിവാൾ, കത്തി, കുട മുതലായ ലോഹ നിർമ്മിതമായ വസ്തുക്കളുടെ സാമീപ്യം ഒഴിവാക്കുക.

- കാൽപ്പാദങ്ങളും കാൽമുട്ടുകളും ചേർത്തുപിടിച്ച് കൈകൾ മുട്ടിൽ ചുറ്റിവരിഞ്ഞ് താടി മുട്ടിനുമുകളിൽ ഉറപ്പിച്ച് നിലത്ത് കുത്തിയിരിക്കുക.
- മിന്നൽ സമയത്ത് ഉയരം കൂടിയ മരത്തിന്റെ അരികിൽ പെട്ടാൽ അതിന്റെ ചില്ലകളുടെ സമീപത്ത് നിന്ന് ദൂരെ മാറി കുത്തിയിരിക്കുക.
- വൈദ്യുത ഉപകരണങ്ങളുടെ വൈദ്യുത ബന്ധംവിച്ഛേദിക്കുക
- മിന്നൽ ഉള്ള സമയത്ത് കുളിക്കുന്നത് ഒഴിവാക്കുക.
- മിന്നൽ ഉള്ളപ്പോൾ ലാൻഡ്ഫോൺ കഴിവതും ഉപയോഗിക്കാതിരിക്കുക

<u>പ്രഥമ ശുശ്രൂഷ</u>

മിന്നൽ ആഘാതത്താൽ ഉണ്ടാകുന്ന അപകടങ്ങളിൽ ഹൃദയശ്വാസകോശ സ്തംഭനമാണ് പ്രധാന മരണ കാരണം. നേരിട്ടുള്ള ആഘാതം, പൊള്ളൽ എന്നിവയിലൂടെ മരണമുണ്ടാകുന്നത് കുറവാണ്. കൃത്രിമ ശ്വാസോച്ഛ്വാസം നൽകുന്നതിലൂടെ മിന്നൽ ആഘാതമേറ്റവരെ മരണത്തിന്റെ പിടിയിൽ നിന്ന് രക്ഷിക്കുവാൻ സാധിക്കും.

പാമ്പ് കടിയിൽ നിന്നും സൂക്ഷിക്കുക

ശക്തമായ കാലവർഷത്തിലൂടെ കടന്ന് പോയ്ക്കൊണ്ടിരിക്കുന്ന കേരളത്തിൽ ജനജീവിതം പലവിധത്തിലുള്ള വെല്ലുവിളികൾ നേരിട്ട് കൊണ്ടിരിക്കുകയാണ്. പ്രളയം മാറിത്തുടങ്ങുമ്പോൾ നമ്മൾ നേരിടേണ്ടി വരുന്ന പല പ്രശ്നങ്ങളിൽ ഒന്നാണ് ഇഴ ജന്തുക്കളുടെ ആക്രമണം.

ശക്തമായ മഴയിലും പ്രളയത്തിലും മാളം നഷ്ടപ്പെട്ട ഇഴ ജന്തുക്കൾ നമ്മുടെ ഭവനങ്ങളിലും പരിസരങ്ങളിലും അഭയം തേടിയിട്ടുണ്ടാകാം. അതിനാൽ ഇഴജന്തുക്കളുടെ കടിയേൽക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതോടൊപ്പം പാമ്പ് കടിയേറ്റാൽ നൽകേണ്ട കൃത്യമായ പ്രഥമശുശ്രൂഷയെ പറ്റി അറിഞ്ഞിരിക്കേണ്ടതും അത്യാവശ്യമാണ്.

1) കടിയേറ്റാൽ ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വിഷം വ്യാപിക്കുന്നത് പരമാവധി തടയുക എന്നതാണ് പ്രഥമലക്ഷ്യം
2) പാമ്പ് കടിയേറ്റെന്ന് മനസ്സിലായാൽ ഒരു കാരണവശാലും പരിഭ്രാന്തരാകുകയോ കടിയേറ്റ വ്യക്തിയെ പേടിപ്പിക്കുകയോ ചെയ്യരുത്. പേടിച്ചാൽ രക്തയോട്ടം കൂടുകയും അതുവഴി ശരീരത്തിൽ വിഷം പെട്ടെന്ന് വ്യാപിക്കാൻ കാരണമാകുകയും ചെയ്യാം. മുറിവേറ്റ ഭാഗം സോപ്പ് വെള്ളം ഉപയോഗിച്ച് നന്നായി കഴുകുക.
3) മുറിവിന് മുകളിലായി കയറോ തുണിയോ മുറുക്കി കെട്ടേണ്ടതില്ല. ഇത് രക്തയോട്ടം തടസ്സപ്പെട്ട് കോശങ്ങൾ നശിക്കുന്നതിന് കാരണമാകും, അഥവാ മുറിവിന് മുകളിൽ തുണി കെട്ടണമെന്നുണ്ടെങ്കിൽ ഒരു വിരൽ ഇടാവുന്ന അയവിൽ മാത്രം കെട്ടുക.
4) നിങ്ങളുടെ പരിസരത്ത് പാമ്പ് കടിക്കുള്ള ചികിത്സ ലഭ്യമായിട്ടുള്ള ഏറ്റവും അടുത്ത ആശുപത്രി മനസ്സിലാക്കി എത്രയും വേഗം വൈദ്യസഹായം ലഭ്യമാക്കുക.
5) കടിച്ച പാമ്പിനെ അന്വേഷിച്ച് സമയം പാഴാക്കരുത്. പാമ്പിനെ കാണാതെ തന്നെ ഡോക്ടർമാർക്ക് വിഷമുള്ളതാണോ അല്ലയോ എന്ന് മനസിലാക്കാൻ സാധിക്കും. പാമ്പിനെ മനസ്സിലാക്കിയാൽ ഏതാണെന്ന് ഡോക്ടർമാരോട് പറയാവുന്നതാണ്.

ശ്രദ്ധിക്കുക

1) മുറിവ് വലുതാക്കി രക്തം കളയുകയോ വലിച്ചെടുക്കാനോ ശ്രമിക്കരുത്.
2) കല്ല്, ഐസ്, പച്ചിലകൾ ഒരു കാരണവശാലും മുറിവിൽ വയ്ക്കരുത്.
3) കടിയേറ്റ വ്യക്തിയെ ഒരുകാരണവശാലും നടത്തരുത്.
4) എത്രയും വേഗം വിഷ ചികിത്സ ലഭ്യമായിട്ടുള്ള ആശുപത്രിയിൽ എത്തിക്കുക.
5) വ്യാജ/ലാട വൈദ്യന്മാരെ സമീപിക്കരുത്


ഭൂപ്രദേശവും നീർച്ചാലുകളും
KARNATAKA STATE
KANNUR DISTRICT
KOZHIKODE DISTRICT
MALAPPURAM DISTRICT
TAMILNADU DISTRIC T
N
Thirunelli
Thavinjal
Mananthavady(M)
Mullankolli
Pulpalli
Sulthan Bathery(M)
Edavaka
Thondernadu
Panamaram
Poothadi
Vellamunda
Kaniyampatta
Meenangadi
Noolpuzha
Padinjarathara
Kottathara
Vengapalli
Muttil
Thariyod
Kalpatta(M)
Nenmeni
Pozhuthana
Ambalavayal
Vythiri
Meppadi
Mupainad
Legend
Elevation
120 - 600
600 - 850
850 - 1200
1200 - 1500
1500 - 2220
National Highway
State Highway
Water body
District Boundary
Panchayath Boundary
KSEOC, KSDMA
External boundaries are not verified. Reference purpose only
Source: NCESS

ഉരുൾപ്പൊട്ടൽ സാധ്യതാ ഭൂപടം



2018-ൽ ഉരുൾപ്പൊട്ടൽ നടന്ന സ്ഥലങ്ങൾ



പ്രളയ സാധ്യതാ ഭൂപടം



നിങ്ങളുടെ എമർജൻസി കിറ്റ് തയ്യാറാണോ?
ഒരു എമർജൻസി കിറ്റ് നിങ്ങളുടെ ജീവൻ രക്ഷിച്ചേക്കാം
എമർജൻസി കിറ്റിൽ ഉണ്ടായിരിക്കേണ്ടവ
1
ഒരു ദിവസത്തേക്ക് ഒരാൾക്ക് ചുരുങ്ങിയത് ഒരു ലിറ്റർ വെള്ളം
2
ബിസ്കറ്റ്, റസ്ക്, ഉണക്കമുന്തിരി, നിലക്കടല പോലെയുള്ള ലഘുഭക്ഷണ പദാർത്ഥങ്ങൾ
3
ഫസ്റ്റ് എയ്ഡ് കിറ്റ്, അതിൽ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദയസംബന്ധമായ അസുഖങ്ങൾ തുടങ്ങിയവയ്ക്കുള്ള ദിവസേന കഴിക്കുന്ന മരുന്നുകൾ, ക്ലോറിൻ, ടാബ്ലറ്റുകൾ എന്നിവ
4
ആധാരം, ലൈസൻസ്, ആധാർകാർഡ്, റേഷൻകാർഡ്, സർട്ടിഫിക്കറ്റുകൾ തുടങ്ങി വിലയേറിയ രേഖകൾ, അത്യാവശ്യത്തിനുള്ള പണം
5
ദുരന്തസമയത്ത് അപ്പപ്പോൾ നൽകുന്ന മുന്നറിയിപ്പുകൾ കേൾക്കാൻ ഒരു റേഡിയോ
6
വ്യക്തിശുചിത്വ വസ്തുക്കളായ ടൂത്ത് പേസ്റ്റ്, ടൂത്ത് ബ്രഷ്, സാനിറ്ററി പാഡ്, ടിഷ്യൂ പേപ്പർ എന്നിവ
7
ഒരു ജോടി വസ്ത്രം
8
ഭിന്നശേഷിക്കാർ ആണെങ്കിൽ അവർ ഉപയോഗിക്കുന്ന സഹായ ഉപകരണങ്ങൾ
9
വെളിച്ചത്തിനായി മെഴുകുതിരിയും തീപ്പെട്ടിയും പ്രവർത്തന സജ്ജമായ ടോർച്ചും, ബാറ്ററിയും
10
രക്ഷാപ്രവർത്തകരെ ആകർഷിക്കുന്നതിനായി വിസിൽ
11
അവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാൻ കത്തിയോ ബ്ലെയ്ഡോ
12
മുന്നറിയിപ്പുകൾ ലഭിക്കുന്നതിനായി മൊബൈൽ ഫോൺ, ചാർജ്ജർ, പവർബാങ്ക്
13
സാനിറ്റൈസറും സോപ്പും
14
മാസ്ക്

Notes

ഫോൺ നമ്പർ

ജില്ലാ കളക്ടർ	- 04936 202230, 9447204666
സബ് കളക്ടർ	- 04935 240222, 9447097703
എ.ഡി.എം	- 04936 202532, 9447097702
ജില്ലാ പോലീസ് മേധാവി	- 04936 202525, 9497996974

ഫയർ & റെസ്ക്യൂ സ്റ്റേഷൻ

കൽപ്പറ്റ	- 04936 202333, 9497920270
മാനന്തവാടി	- 04935 245052, 9497920274
സുൽത്താൻ ബത്തേരി	- 04936 227101, 9497920272

ഐ.റ്റി.ഡി.പി ഓഫീസ്

കൽപ്പറ്റ	- 04936 202232, 9496070333

ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്

സുൽത്താൻ ബത്തേരി	- 04936 221074, 9496070341

ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്

മാനന്തവാടി	- 04935 240210, 9496070342

ട്രൈബൽ
ദുരന്ത നിവാരണ പദ്ധതി

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

കളക്ട്രേറ്റ് വയനാട്, കൽപ്പറ്റ

പിൻ - 673122, ഫോൺ: 04936 204151,

മൊ. 8078409770, 9526804151